പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3062.

10.03.2017-ൽ മറുപടിക്ക്

## നികത്തപ്പെട്ട സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് : | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) റവന്യൂരേഖകളിൽ നിലം എന്ന രേഖപ്പെടുത്തിയതും എന്നാൽ വർഷങ്ങൾക്ക് മുമ്പ് നികത്തപ്പെട്ടതുമായ സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിനും കെട്ടിടം പുതുക്കിപ്പണിയുന്നതിനും അനുമതി ലഭിക്കുന്നതിന് തടസ്സം നിലനിൽക്കുന്നതിനാൽ ഇതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (എ) 2008-നു മുമ്പ് നികത്തപ്പെട്ടതും എന്നാൽ റവന്യൂരേഖകളിൽ നിലം എന്നു രേഖപ്പെടുത്തിയതുമായ ഭൂമിയിൽ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കൃഷിയേതര പ്രവർത്തനത്തിന് ബന്ധപ്പെട്ട ജില്ലാ കളക്ടർ/റവന്യൂ ഡിവിഷണൽ ഓഫീസർമാർ അനുമതി നൽകി വരുന്നുണ്ട്. പ്രസ്തുത ഭൂമിയിൽ ഭൂഉടമയുടെ സ്വന്തം വീട് നിർമ്മാണത്തിന് ഉപയുക്തമാക്കുന്നതിന് 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ട് പഞ്ചായത്തിൽ 10 സെന്റും, മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ 5 സെന്റിനും അനുമതി നൽകുന്നതിന് 22.12.2016-ലെ 46848/എ1/2016/റവന്യൂ നം. സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ